# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 477 | 08.08.2017 - ൽ മറുപടിയ്ക്ക് |

## ജി.എസ്.ടി. മൂലമുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീമതി.വീണാ ജോർജ്ജ് | | ഡോ.ടി.എം.തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | കേന്ദ്രസർക്കാർ പുതിയതായി രൂപം നൽകിയ ജി.എസ്.ടി. കേരളത്തിൽ നടപ്പിലാക്കുമ്പോൾ ഏതൊക്കെ മേഖലകളിലാണ് പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്; | (എ) യും (ബി) യും | പ്രായോഗിക ബുദ്ധിമുട്ടുകളൊന്നും തന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വാറ്റ് നികുതി ഈടാക്കിയിരുന്ന മേഖലകളിലെല്ലാം തന്നെ ജി.എസ്.ടി ബാധകമാണ്. കൂടാതെ സർവ്വീസ് മേഖലയും ജി.എസ്.ടി യുടെ പരിധിയിൽ ഉൾപ്പെടുന്നു. |
| (ബി) | ജി.എസ്.ടി നടപ്പിലാക്കുവാൻ ബുദ്ധിമുട്ടുള്ള മേഖലകളെ ഒഴിവാക്കുന്നതിനും, പകരം സംവിധാനം ഏർപ്പെടുത്തുന്നതും സംബന്ധിച്ച് കേന്ദ്ര സർക്കാരുമായി ചർച്ചകൾ നടത്തി പരിഹാരം കണ്ടെത്തുമോ ; | | |
| (സി) | ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ പൊതുവിപണികളിൽ എം.ആർ.പി. യെക്കാൾ കൂടുതൽ വില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് ആർക്കെതിരെയെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? | (സി) | ജി.എസ്.ടി പ്രകാരം വില കുറയുന്ന ഉല്പന്നങ്ങൾക്ക് വിലകൂട്ടി വിൽക്കുന്നതായി പലഭാഗത്തു നിന്നും പരാതികൾ ലഭിച്ചിട്ടുണ്ട്. ജി.എസ്.ടി നിയമപ്രകാരമുള്ള Anti Profiteering Authority ഇതുവരെയും രൂപീകരിച്ചിട്ടില്ലാത്തതിനാൽ നികുതി വകുപ്പിന് ഇതിൽ തുടർ നടപടികൾ സ്വീകരിക്കാൻ പരിമിതികളുണ്ട്. എന്നാൽ ലീഗൽ മെട്രോളജി വകുപ്പ് ഇത്തരം പരാതികളിൽ പരിശോധനകൾ നടത്തി തുടർ നടപടികൾ സ്വീകരിക്കുന്നു. |

സെക്ഷൻ ഓഫീസർ